## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1942 — 17/06/2013-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ മൊബൈൽ മെഡിക്കൽ യൂണിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് നിലവിലുള്ള പട്ടികവർഗ്ഗ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ വിശദാംശം വ്യക്തമാക്കാമോ; | എ | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിൽ ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം അനുവദിച്ച പ്രത്യേക ദുർബ്ബല വിഭാഗങ്ങൾക്കുള്ള പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഒരു യൂണിറ്റും തൃശ്ശൂർ, പാലക്കാട് ജില്ലകൾക്കായി ഒരെണ്ണവും വയനാട് ജില്ലയിൽ കല്പറ്റയും സുൽത്താൻബത്തേരിയും ആസ്ഥാനമായി ഓരോന്നും പ്രവർത്തിക്കുന്നു. മാനന്തവാടിയും നിലമ്പൂരും ആസ്ഥാനമായി ഓരോ യൂണിറ്റുകൾ പ്രവർത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരളത്തിലെ പട്ടികവർഗ്ഗമേഖലകളിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ വിവരം ആരോഗ്യ വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്. |
| ബി | മലപ്പുറം ജില്ലയിൽ നിലവിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ വിശദാംശം നൽകുമോ; | ബി | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. |
| സി | മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡവും, നടപടിക്രമവും വ്യക്തമാക്കുമോ; | സി | ചികിൽസാ സൗകര്യങ്ങൾ കുറഞ്ഞതും പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ കൂടുതലുള്ളതുമായ പ്രദേശങ്ങളിൽ (ജില്ലകളിൽ) ആണ് പട്ടികവർഗ്ഗ വികസന വകുപ്പ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. |
| ഡി | 50-ൽ പരം പട്ടികവർഗ്ഗ കോളനികളുള്ള ഏറനാട് നിയോജകമണ്ഡലത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ? | ഡി | നിലമ്പൂർ ആസ്ഥാനമായി ആരംഭിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രയോജനം ഏറനാട് നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ